6324
29/11/18

File No.FWLD-A1/125/2018-FWLD

കേരള സർക്കാർ

സംഗ്രഹം

മാങ്കുളം ഡിവിഷൻ - 1995 ചപ്പക്കുളം ബാംബൂ പ്ലാന്റേഷൻ, 1996 ചപ്പക്കുളം പൈൻ & അൽനസ് പ്ലാന്റേഷൻ പരാജയപ്പെട്ടത് - ബന്ധപ്പെട്ട ഡിവിഷൻ ഫയൽ നഷ്ടപ്പെടൽ - ശ്രീ.ബാബു കെ. ഡാനിയേൽ, അപ്പർ ഡിവിഷൻ ക്ലാർക്കി (റിട്ട. ) നെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.494/2018/വനം തിരുവനന്തപുരം, തീയതി, 26/11/2018

പരാമർശം:- (1) 27.10.2011 ലെ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റ്റിഎം) ന്റെ ബി8-13059/09 നമ്പർ കത്ത്

(2) 21.03.2012 ലെ 14810/എ1/2011/വനം നമ്പർ കുറ്റപത്രവും/ കുറ്റാരോപണ പത്രികയും

(3) 19.06.2012 തീയതിയായി ശ്രീ.ബാബു കെ. ഡാനിയേൽ, 22.11.2012 തീയതിയായി ശ്രീ.കെ.ജെ.ജോസഫ് എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ

(4) 28.12.2013 ലെ സ.ഉ.(സാധാ) നം.533/2013/വനം ഉത്തരവ്, 26.11.2014 ലെ സ.ഉ.(സാധാ) നം.556/2014/വനം ഉത്തരവ്

(5) 23.08.2017 ലെ സ.ഉ.(സാ.ധാ.) നം. 324/17/വനം ഉത്തരവ്

(6) 16.08.2017 ലെ 706499/എ1/16/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്

(7) 13.11.2017 തീയതിയായി ശ്രീ.ബാബു.കെ.ഡാനിയേൽ, അപ്പർ ഡിവിഷൻ ക്ലാർക്ക് (റിട്ട) സമർപ്പിച്ച വിശദീകരണം

(8) 27.02.2018 തീയതിയിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ന്റെ ബി8-13059/09 നമ്പർ കത്ത്

(9) 11.05.2018-ലെ 706499/എ1/16/വനം നമ്പർ സർക്കാർ കത്ത്

(10) 11.10.2018-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ A1-3/50006/2018-KPSC നമ്പർ കത്ത്

ഉത്തരവ്

മാങ്കുളം ഡിവിഷനിലെ 1995 ചപ്പക്കുളം ബാംബൂ പ്ലാന്റേഷൻ, ചപ്പക്കുളം പൈൻ & അൽനസ് പ്ലാന്റേഷൻ എന്നിവ പരാജയപ്പെട്ടതുമായി ബന്ധപ്പെട്ട ഡിവിഷൻ

ഫയലുകൾ നഷ്ടപ്പെടാൻ ഇടയായ വിഷയത്തിൽ പരാമർശം (1) ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവ്വശ്രീ.കെ.ജെ.ജോസഫ്, സീനിയർ സൂപ്രണ്ട്, ബാബു.കെ.ഡാനിയേൽ, അപ്പർ ഡിവിഷൻ ക്ലാർക്ക് എന്നിവർക്ക് സർക്കാർ തലത്തിൽ പരാമർശം (2) പ്രകാരം കുറ്റപത്രവും/കുറ്റാരോപണ പത്രികയും നൽകി അച്ചടക്കനടപടി ആരംഭിച്ചു. കുറ്റാരോപിതർ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികകൾ തൃപ്തികരമല്ലാത്തതിനാൽ ഈ വിഷയത്തിൽ പരാമർശം (4) പ്രകാരം ഔപചാരികാന്വേഷണത്തിന് ഉത്തരവായി.

2) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) അന്വേഷണ റിപ്പോർട്ട് അഭിപ്രായസഹിതം ലഭ്യമാക്കി. അന്വേഷണ റിപ്പോർട്ടും മറ്റ് ഫയലുകളും പരിശോധിച്ചതിൽ ശ്രീ.കെ.ജെ.ജോസഫിനെതിരെയുള്ള കുറ്റാരോപണം നിലനിൽക്കുന്നതല്ലായെന്ന് കണ്ടെത്തിയതിനാൽ ടിയാനെ പരാമർശം (5) പ്രകാരം കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിച്ചു.

3) ശ്രീ.ബാബു.കെ.ഡാനിയേലിനെതിരെയുള്ള ചാർജ്ജുകൾ താഴെപ്പറയുന്നവയാണ്:

(i) 1995 ചപ്പക്കുളം ബാംബൂ പ്ലാന്റേഷൻ, 1996 പൈൻ & അൾനസ് പ്ലാന്റേഷൻ-കല്ലാർ എന്നീ പ്ലാന്റേഷനുകളുമായി ബന്ധപ്പെട്ട ഫയലുകൾ, പ്ലാന്റേഷൻ ജേർണലുകൾ എന്നിവ ഹൈറേഞ്ച് സർക്കിൾ കൺസർവേറ്ററുടെ ഓഫീസിൽ നിന്നും സർക്കാർ നഷ്ടത്തിനുത്തരവാദികളായവർക്കെതിരെ നടപടിയെടുക്കുന്നതിനായി ടിയാൻ 08.03.2006 ൽ ടി ഫയൽ നേരിട്ട് രസീത് നൽകി കൈപ്പറ്റിയെങ്കിലും 31.10.2006 വരെ നോട്ട് തയ്യാറാക്കി മേലുദ്യോഗസ്ഥർക്ക് സമർപ്പിച്ചില്ല.

(ii) ടിയാന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ അശ്രദ്ധയും അനാസ്ഥയും മൂലം സർക്കാർ ഫയലുകൾ നഷ്ടപ്പെടുന്നതിനിടയാക്കി.

(iii) പരാജിത തോട്ടങ്ങൾ മൂലം സർക്കാരിനുണ്ടായ നഷ്ടം ഈടാക്കുവാൻ വേണ്ട തുടർ നടപടികൾ സ്വീകരിക്കാൻ പറ്റാത്ത അവസ്ഥയുണ്ടാക്കി.

(iv) ഇതു സംബന്ധിച്ച് കംട്രോളർ & ഓഡിറ്റർ ജനറലിന്റെ 31.10.2006 ൽ അവസാനിക്കുന്ന വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിന് തൃപ്തികരമായ മറുപടി നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടാക്കി.

4) ശ്രീ.ബാബു.കെ.ഡാനിയേലിനെതിരെയുള്ള ചാർജ്ജുകളിന്മേലുള്ള അന്വേഷണാധികാരിയുടെ കണ്ടെത്തലും അതിന്മേലുള്ള ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്ററിന്റെ അഭിപ്രായവും പരിശോധിച്ചതിൽ ഫയലുകൾ നഷ്ടപ്പെട്ടതിന് ടിയാൻ ഉത്തരവാദിയാണെന്ന് കണ്ടെത്തുകയും തുടർന്ന് ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- (ഇരുന്നൂറ്) രൂപ വീതം രണ്ടു വർഷത്തേയ്ക്ക് കേരള സർവ്വീസ് റൂൾസ് ഭാഗം III ചട്ടം 3 പ്രകാരം കുറവു ചെയ്യുന്നതിന് തീരുമാനിച്ച് കൊണ്ട് പരാമർശം (6) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി. പ്രസ്തുത നോട്ടീസിന് ടിയാൻ പരാമർശം (7) പ്രകാരം സമർപ്പിച്ച വിശദീകരണത്തിന്മേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ പരാമർശം (8) പ്രകാരം അഭിപ്രായം ലഭ്യമാക്കി. തുടർന്ന് സ്വാഭാവിക നീതി ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ടിയാനെ 18.04.2018-ന് നേരിൽ കേട്ടു. നേരിൽ കേട്ട വേളയിൽ മുൻപ് പ്രതിവാദ പത്രികയിൽ വിശദീകരിച്ച വസ്തുതകൾ തന്നെ ടിയാൻ ആവർത്തിച്ചു.

5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കൃത്യമായും ഓഫീസ് നടപടിക്രമങ്ങൾ പാലിച്ച് ടി ഫയലുകളിൽ അനന്തര നടപടി സ്വീകരിക്കേണ്ടതിൽ ടിയാന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചുണ്ട് എന്നത് വ്യക്തമായതിനാൽ കാരണം കാണിക്കൽ നോട്ടീസിൽ നിശ്ചയിച്ച ശിക്ഷ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ച് പരാമർശം (9) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം അഭ്യർത്ഥിച്ചു. സർക്കാരിന്റെ തീരുമാനത്തോട് കമ്മീഷൻ യോജിച്ചതായി പരാമർശം (10) പ്രകാരം അറിയിച്ചു.

6) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം സ്വീകരിച്ചുകൊണ്ട് ശ്രീ. ബാബു കെ. ഡാനിയേൽ, അപ്പർ ഡിവിഷൻ ക്ലാർക്കി (റിട്ട. ) ന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- (ഇരുന്നൂറ്) രൂപ വീതം രണ്ട് വർഷത്തേയ്ക്ക് കേരള സർവ്വീസ് റൂൾസ് ഭാഗം III ചട്ടം 3 പ്രകാരം കുറവു ചെയ്തുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**വേണു.വി**
പ്രിൻസിപ്പൽ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.ബാബു. കെ. ഡാനിയേൽ, അപ്പർ ഡിവിഷൻ ക്ലാർക്ക് (റിട്ട.)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

Signature valid
Digitally signed by BIJI K
Date: 2018.11.26 17:10:01 IST
Reason: സെക്ഷൻ ഓഫീസർ